**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1153** **31-01-2024 - ൽ മറുപടിയ്ക്ക്**

**കുണ്ടറയിലെ ഫിഷറീസ് സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രത്തിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കുണ്ടറയിൽ സ്ഥാപിക്കുന്നതിനായി ഉത്തരവായിട്ടുള്ള ഫിഷറീസ് സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | 10.02.2021 ലെ സ .ഉ (കൈ)നം . 51/2021/റവ പ്രകാരം കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ മുളവന വില്ലേജിൽ ബ്ലോക്ക് നം . 10 ൽ റീസർവ്വേ നം. 392,393 & 407 എന്നിവയിൽ ഉൾപ്പെട്ട 10 ഏക്കർ (4.047 ഹെക്ടർ) ഭൂമി കൊല്ലം റീജിയണൽ സെന്റർ സ്ഥാപിക്കുന്നതിലേക്കായി കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസിന് കൈമാറുകയുണ്ടായി. ഇത് പ്രകാരം ഒരു റീജിയണൽ സെന്റർ സ്ഥാപിക്കുന്നതിനായി ഏകദേശം 7000 ചതുരശ്രയടി വിസ്തൃതിയിൽ ഉള്ള ഒരു കെട്ടിടം പണിയുന്നതിനായി എസ്റ്റിമേറ്റ് തീരദേശ വികസന കോർപ്പറേഷൻ തയ്യാറാക്കി നൽകിയിട്ടുണ്ട് . അതിന്റെ നിർമ്മാണത്തിനായി 1.75 കോടി രൂപ ചെലവ് വരുന്നതാണ് . കൂടാതെ മിനിമം 24 അദ്ധ്യാപക തസ്തികകളും 11 അനദ്ധ്യാപക തസ്തികകളും ആവശ്യമായി വരുന്നുണ്ട് . കൂടാതെ കൊല്ലം റീജിയണൽ സെന്ററിന്റെ അഭ്യർത്ഥന പ്രകാരം രജിസ്ട്രാർ, ജോയിന്റ് രജിസ്ട്രാർ , യൂണിവേഴ്സിറ്റി എഞ്ചിനീയർ, ഗവേണിംഗ് കൗൺസിൽ അംഗം ശ്രീ. അനിൽകുമാർ രാജേന്ദ്രൻ , കെ. എസ് .സി .എ.ഡി.സി മാനേജിംഗ് ഡയറക്ടർ എന്നിവരുടെ നേതൃത്വത്തിൽ ഒരു സംഘം 29.09.2023 ൽ ഈ സ്ഥലം സന്ദർശിച്ചു . സ്ഥലം എം .എൽ. എ ശ്രീ. പി.സി വിഷ്ണുനാഥും പഞ്ചായത്ത് അധികൃതരും സന്നിഹിതരായിരുന്നു. തുടർന്ന് നടന്ന സംയുക്ത ചർച്ചയിൽ എം.എൽ.എ യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും രണ്ടുകോടി രൂപ ഇതിനുവേണ്ടി അനുവദിക്കാമെന്ന് അറിയിക്കുകയുണ്ടായി . 30.10.2023 തീയതിയിലെ ബി1/269/2023/ മ.ഉ.വ നമ്പർ കത്ത് പ്രകാരം റീജിയണൽ സെന്റർ സ്ഥാപിക്കുന്നതിനും പ്രാരംഭ ഘട്ടത്തിൽ പ്രൊജക്ട് മോഡ് കോഴ്സുകൾ/ ഡിപ്ലോമ കോഴ്സുകൾ/ ഹ്രസ്വകാല പരിശീലന പരിപാടികളും മറ്റും തൽക്കാലം |

| | | | |
|---|---|---|---|
| | | | തുടങ്ങുന്നതിനുമുള്ള ചെലവും, ടി തുക കണ്ടെത്തുന്ന ശീർഷകം സംബന്ധിച്ച വിവരങ്ങളും ഫണ്ടിന്റെ ലഭ്യതയും, 29.09.2023 ൽ സ്ഥലം എം.എൽ.എ ശ്രീ. പി.സി വിഷ്ണുനാഥും പഞ്ചായത്ത് അധികൃതരും തമ്മിൽ നടന്ന സംയുക്ത ചർച്ചയുടെ മിനിട്സ്/ എം.എൽ.എ യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും രണ്ടുകോടി രൂപ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട സമ്മതപത്രവും , സമർപ്പിക്കുവാൻ കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് (KUFOS) രജിസ്ട്രാറോട് നിർദ്ദേശിക്കുകയുണ്ടായി . ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് . |
| (ബി) | പ്രസ്തുത പ്രാദേശിക കേന്ദ്രത്തിന്റെ കെട്ടിടങ്ങൾ നിർമ്മിക്കുവാനായി അനുവദിച്ചിട്ടുള്ള ഭൂമിയിൽ നടത്താനുദ്ദേശിക്കുന്ന നിർമ്മാണ പദ്ധതി എന്താണെന്നും ആയതിന് അനുവദിച്ചിട്ടുള്ള തുക എത്രയെന്നും വിശദമാക്കാമോ? | (ബി) | ഏകദേശം 7000 ചതുരശ്ര അടി വിസ്തൃതിയിൽ ഉള്ള ഒരു കെട്ടിടം പണിയുന്നതിനായി എസ്റ്റിമേറ്റ് തീരദേശ വികസന കോർപ്പറേഷൻ തയ്യാറാക്കി നൽകിയിട്ടുണ്ട് . അതിന്റെ നിർമ്മാണത്തിനായി 1.75 കോടി രൂപ ചിലവ് വരുന്നതാണ് . |

സെക്ഷൻ ഓഫീസർ